25

# പാപത്തിന്റെ പ്രശ്നം

**റോമർ 3:23; 6:23**

*"എല്ലാവരും പാപം ചെയ്തു ദൈവ തേജസ് ഇല്ലാത്തവരായി തീർന്നു" (റോമർ 3:23).*

താൻ നഷ്ടപ്പെട്ടു എന്നു തിരിച്ചറിയാതെ ആർക്കെങ്കിലും രക്ഷപ്രാപിക്കുവാൻ കഴിയുന്നതെങ്ങനെ? പാപം എന്നൊന്നില്ല എന്നു ആർക്കെങ്കിലും എങ്ങനെ പറയുവാൻ കഴിയും?

**ഒരു മുഖ്യവിഷയം**

ബൈബിളിലെ മുഖ്യ വിഷയങ്ങളിൽ ഒന്നാണ് പാപം. പാപത്തെ അറിയുവാനായി ദൈവം തന്റെ ജനത്തിനു മോശെയുടെ ന്യായപ്രമാണം കൊടുത്തു: "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല; ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വരുന്നത്" (റോമർ 3:20). "ദൈവം ഒരുവൻ അല്ലാതെ പാപങ്ങൾ മോചിപ്പാൻ കഴിയുന്നവൻ ആർ?" എന്നു, യെഹൂദന്മാർ ചോദിച്ചതു ശരിയായിരുന്നു (മർക്കൊസ് 2:7; ലൂക്കൊസ് 5:21). മനുഷ്യർക്കു, പാപപ്രശ്നം കയറാൻ പറ്റാത്ത മല പോലെയാണ്! പാപം മൂടി വയ്ക്കുവാൻ സാധ്യമല്ല; അതു ക്ഷമിക്കുവാനേ കഴിയൂ. പാപം എന്താണെന്നു നമുക്കു മനസ്സിലാകുമ്പോൾ, നമുക്കു വിസ്മയം ഉണ്ടാകും - ദൈവത്തിനു ക്ഷമിക്കുവാൻ എന്തുകൊണ്ടു ബുദ്ധിമുട്ട് ഉണ്ടാകുന്നു എന്നതിലല്ല, പക്ഷെ എന്തുകൊണ്ടു അങ്ങനെ ദൈവത്തിനു ചെയ്യേണ്ടിവന്നു എന്നുള്ളതിലാണ്! പാപത്തിലുള്ള മനുഷ്യനു രക്ഷിക്കപ്പെടുവാൻ കഴിയുമോ? പാപത്തിൽ നിന്നു അകന്നു നില്ക്കുന്ന, "പരിശുദ്ധനായ" ദൈവത്തിനു, പാപം മോചിക്കുവാൻ കഴിയുമോ? (യെശയ്യാവു 6:3; നോക്കുക വെളിപ്പാട് 4:8). അവൻ മാറ്റമില്ലാത്ത പരിശുദ്ധൻ ആണ്. ഈ നീതിമാനായ ദൈവത്തിനു ക്രൂശ് മുഖാന്തരമേ നമ്മോടു ക്ഷമിക്കുവാൻ കഴിയൂ.

## പ്രാപഞ്ചിക അനന്തര ഫലങ്ങൾ

ആദാമും ഹവ്വയും “ഒരു ഫലം പറിച്ചു തിന്നുക മാത്രം ചെയ്തു.” അതു മാത്രമെ ചെയ്തുള്ളൂ! മനുഷ്യരെ പാപത്തിലേക്കു തള്ളി വിടുവാൻ കുലയോ, ദുർന്നടപ്പോ, കളവോ, ചീത്തയോ അല്ലെങ്കിൽ, മോശമായ പെരുമാറ്റമോ ഒന്നും ആവശ്യമായിരുന്നില്ല. ആദാമും ഹവ്വയും പാപം ചെയ്തപ്പോൾ, സ്വർഗ്ഗത്തിലും, നരകത്തിലും, ഭൂമിയിലും എല്ലാം മാറി! ദൈവത്തിനും, മനുഷ്യനും, സാത്താനും എല്ലാം വ്യത്യസ്തമായിരുന്നു! മനുഷ്യനുള്ളിൽ തന്നെ എല്ലാം മാറി. അവൻ ദൈവത്തിൽ നിന്നു എന്നേക്കും വേർപെട്ടു, തന്റെ തുണയിൽ നിന്നും അകന്നു. മനുഷ്യർ പിന്നീടു പഴയതുപോലെ ആയില്ല. “നീ എവിടെ?” എന്നു, ദൈവം ആദാമിനോടു ചോദിച്ചതിൽ അതിശയിക്കുവാനില്ല (ഉല്പത്തി 3:9). ഉല്പത്തി 2 ഉം 3 ഉം വായിച്ചാൽ നിങ്ങൾക്കു വിറയലുണ്ടാകും! മനുഷ്യൻ വീണുപോയ, ശിക്ഷക്കു വിധിച്ച ഒരു പാപി ആണ്.

“ഒരു ഫലം തിന്നു” എന്നതിനേക്കാൾ കൂടുതൽ ആ ചരിത്ര സംഭവത്തിലുണ്ട്. ആദാമും ഹവ്വയും അവരുടെ ജീവിതത്തിലേക്കു പ്രവേശിക്കുവാൻ സാത്താനെ അനുവദിച്ചു. അവർ സാത്താൻ പറഞ്ഞതു കേട്ടു, അവനെ വിശ്വസിക്കുകയും, അനുസരിക്കുകയും ചെയ്തു. ദൈവം ദൈവമാണ്, മനുഷ്യനെ സൃഷ്ടിക്കപ്പെട്ടതിനാൽ അവൻ ദൈവത്തിനുള്ളവനാണ്. ആദാമും ഹവ്വയും ദൈവത്തിന്റെ അധികാരത്തോടു മത്സരിച്ചു.

സ്വന്തമോഹത്തിനിരയായിട്ടാണ് ഒരാൾ പരീക്ഷിക്കപ്പെടുന്നത് (യാക്കൊബ് 1:14). അവൻ പുറമെ പാപം ചെയ്യുന്നതിനു മുൻപു ഉള്ളിൽ പാപം ചെയ്യുന്നു. സ്വയം ഉയർന്നതായി പരിഗണിക്കുന്നതാണ് പാപം. ദൈവത്തെ ദൈവമായി അംഗീകരിക്കാത്തതാണ് അത്; മനുഷ്യൻ മനുഷ്യനേക്കാൾ അധികം ആകുവാൻ ശ്രമിക്കുന്നതാണ് അത്. ദൈവത്തേക്കാൾ കൂടുതൽ അറിയാം, അല്ലെങ്കിൽ നന്നായി അറിയാമെന്ന നമ്മുടെ ചിന്തയാണ് പാപം.

ഇപ്പോൾ ദൈവവുമായുള്ള മനുഷ്യന്റെ ബന്ധം ഉലഞ്ഞുകൊണ്ടും, വഞ്ചിക്കപ്പെട്ടുകൊണ്ടും, നശിച്ചുകൊണ്ടുമിരിക്കുകയാണ്. പാപത്തെ ദൈവം കാര്യമായെടുക്കുന്നു. വാസ്തവത്തിൽ, മനുഷ്യൻ, പാപം ചെയ്യുമ്പോൾ, തന്റെ തന്നെ ദൈവം ആകുവാൻ തീരുമാനിക്കുന്നു.

പാപികൾ തങ്ങളുടെ അകൃത്യങ്ങളിൽ മരിച്ചു, ദൈവത്തിൽ നിന്നകലുന്നു (എഫെസ്യർ 2). പാപത്തിന്റെ ശമ്പളം മരണം അത്രേ (റോമർ 6:23). നമ്മുടെ പാപങ്ങൾ, ക്ഷമിക്കപ്പെട്ടില്ലെങ്കിൽ, നിത്യമായി ദൈവത്തിൽ നിന്നു നമ്മെ വേർപെടുത്തും (യെശയ്യാവു 59:2, 3). ചരിത്രത്തിലെ എല്ലാ കുഴപ്പങ്ങൾക്കും, യുദ്ധങ്ങൾക്കും, അക്രമങ്ങൾക്കും കാരണം “ഒരു ഫലം” തിന്നതാണ്. അതു സംഭവിക്കുന്നതിനു മുൻപുതന്നെ ദൈവം ആദാമിനോടു ഇതിനെ കുറിച്ചു പറഞ്ഞിരുന്നു. എങ്ങനെയായാലും, ദൈവത്തിനു സ്ഥാനം നഷ്ടപ്പെട്ടു. അതിനു ശേഷം, സാത്താൻ ഈ ലോകത്തിന്റെ പിതാവും, പ്രഭുവും, ദൈവവുമായി (യോഹന്നാൻ 8:44; 12:31; 14:30; 16:11; 2 കൊരിന്ത്യർ 4:4).

രക്ഷിക്കപ്പെടുവാൻ പാപികൾ, പാപത്തെ ദൈവം കാണുന്നതു

പോലെ കാണണം. പാപത്തിന്റെ ഭയങ്കരത്വം തോന്നുന്നതുവരെ പാപികൾക്ക് മാനസാന്തരം ഉണ്ടാകുകയില്ല. ദൈവത്തെ ഭയപ്പെടാത്തവർ പാപത്തെ ഭയപ്പെടുകയില്ല. ദൈവത്തെ വിശുദ്ധ കണ്ണോടെ കാണുവാൻ കഴിയുന്നവർക്ക് പാപത്തിന്റെ ആധിക്യത്തെ കാണുവാൻ കഴിയും.

ദൈവം പാപത്തെ വെറുക്കുന്നു, അതുപോലെ നാം അതിനെ വെറുക്കണം; എന്നാൽ, ഖേദകരമായി പറയട്ടെ, പലരും പാപത്തെ പാപമായതുകൊണ്ടു വെറുക്കുന്നില്ല. നാം കൂടുതൽ വിശുദ്ധരാകുന്തോറും, നാം പാപത്തെ കൂടുതൽ വെറുക്കും കാരണം ദൈവത്തോടുള്ള നമ്മുടെ ബന്ധവുമായി പാപം ചെയ്യുന്നത് എന്താണെന്നു നമുക്കു മനസ്സിലാകുന്നു.

## സഹായമില്ലാത്തവരും പ്രത്യാശയില്ലാത്തവരും

പാപത്തിൽ ജീവിക്കുന്ന മനുഷ്യനു അവനെ രക്ഷിപ്പാൻ കഴിയുകയില്ല. അവനു രക്ഷ നേടി എടുക്കുവാനോ, വിലക്കു വാങ്ങുവാനോ, യോഗ്യമാക്കുവാനോ സാധ്യമല്ല. രക്ഷിക്കപ്പെടുവാൻ വേണ്ടത്ര അറിയുവാനോ മതിയായതു ചെയ്യുവാനോ അവനു കഴിയുകയില്ല. പാപിക്കു ചെയ്യുവാൻ കഴിയുന്നതു മാനസാന്തരപ്പെട്ടു ദൈവത്തെ അനുസരിക്കുക എന്നതു മാത്രമാണ്. അവനുവേണ്ടി അതു മറ്റാർക്കും ചെയ്യുവാൻ സാധ്യമല്ല.

നമ്മുടെ മുറിവുകൾക്കും അല്ലെങ്കിൽ സ്വഭാവങ്ങൾക്കും വേണ്ടി മരിപ്പാനല്ല യേശു വന്നതു. അവൻ മരിച്ചതു നമ്മുടെ പാപങ്ങൾക്കു വേണ്ടിയാണ് (റോമർ 5:6, 8; 1 പത്രൊസ് 1:18, 19). നാം അവന്റെ അടുക്കൽ വരുമ്പോൾ, അവന്റെ രക്തത്താൽ കഴുകപ്പെടുന്നു (1 കൊരിന്ത്യർ 6:11; എബ്രായർ 10:19; വെളിപ്പാട് 1:5; 7:14). യേശു നമുക്കുവേണ്ടി *പാപം* ആക്കി, എന്നാൽ ഒരു *പാപി* ആയില്ല (2 കൊരിന്ത്യർ 5:14–21).

തിരഞ്ഞെടുപ്പു നമ്മുടേതാണ്. നമ്മുടെ പാപങ്ങളെ ക്രൂശിൽ യേശു മുഖാന്തരം ശിക്ഷിക്കപ്പെടുവാൻ നാം അനുവദിക്കുക അല്ലെങ്കിൽ പാപത്തിനുള്ള ശിക്ഷ നിത്യമായി നരകത്തിൽ നാം ഏറ്റു വാങ്ങുക.

നമ്മുടെ പാപങ്ങളെ കൈകാര്യം ചെയ്യുവാൻ നമുക്ക് ഒരു വഴി മാത്രമെയുള്ളൂ: അവ ക്ഷമിക്കുവാൻ നാം ദൈവത്തെ അനുവദിക്കണം. അവൻ അങ്ങനെ ചെയ്യുവാൻ, നാം നമ്മുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു, അവ മരിപ്പിക്കയും, സ്നാനത്താൽ കഴുകപ്പെടുകയും വേണം. (നോക്കുക പ്രവൃത്തികൾ 2:38; 22:16; റോമർ 6:1–7; 1 പത്രൊസ് 2:24.)

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

© 2009 Truth for Today